Fax : 0471-2301611
Phone : 0471-2300949 (Registrar)
2302756 (Office)
e-mail: registrartcmc@gmail.com

# TRAVANCORE–COCHIN MEDICAL COUNCILS

RED CROSS ROAD, THIRUVANANTHAPURAM-35

നം.സി.1229/13/എം.സി./സി.ഡി.ആർ.സി. 05/10/2013

## മോഡേൺ മെഡിസിൻ ഡോക്ടർമാരുടെ ശ്രദ്ധയ്ക്ക്

2002 -ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ (പ്രൊഫഷണൽ കോൺടക്റ്റ്, എത്തിക്കേറ്റ് ആന്റ് എത്തിക്സ്) റഗുലേഷനുകളുടെ ഖണ്ഡിക 1.4.1 പ്രകാരം ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൽ നിന്നോ സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നോ അനുവദിച്ച രജിസ്ട്രേഷൻ നമ്പർ, ജോലി ചെയ്യുന്ന ക്ളീനിക്, പ്രിസ്കൃപ്ഷൻ, സർട്ടിഫിക്കറ്റ് മുതലായവയിൽ പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത റഗുലേഷന്റെ 1.4.2 പ്രകാരം അംഗീകൃത യോഗ്യതകൾ മാത്രമേ പേരിനോടൊപ്പം പ്രദർശിപ്പിക്കാൻ പാടുള്ളൂ. മേല്പ്പറഞ്ഞ റഗുലേഷനുകൾ എല്ലാ രജിസ്ട്രേഡ് മോഡേൺ മെഡിസിൻ ഡോക്ടർമാരും നിർബന്ധമായും പാലിക്കേണ്ടതാണ്. കൂടാതെ 22/02/2013-ലെ കേരളാ സ്റ്റേറ്റ് കൺസ്യൂമർ ഡിസ്പ്യൂറ്റ്സ് റിഡ്രസ്സൽ കമ്മീഷൻ C.C. 10/05-ാം നമ്പർ പരാതിയിൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയിൽ ഡോക്ടർമാർ ചികിത്സ നടത്തുന്ന ഹോസ്പിറ്റലുകളിലോ, ക്ളീനിക്കുകളിലോ പ്രദർശിപ്പിച്ചിരിക്കുന്ന ബോർഡുകളിലും, പ്രിസ്ക്രിപ്ഷനുകളിലും അവർ നല്കുന്ന സർട്ടിഫിക്കറ്റുകളിലും അവരുടെ രജിസ്ട്രേഷൻ നമ്പരുകൾ/യോഗ്യതകൾ എന്നിവ പ്രദർശിപ്പിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടികാട്ടുകയും ആയതിന് തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശം നൽകേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ആകയാൽ എല്ലാ രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർമാരും കോഡ് ഓഫ് മെഡിക്കൽ എത്തിക്സ് അനുശാസിക്കുന്ന പ്രകാരം തങ്ങളുടെ രജിസ്ട്രേഷൻ നമ്പർ, യോഗ്യതകൾ എന്നിവ നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്. പ്രസ്തുത റഗുലേഷനുകൾ ലംഘിക്കുന്നവർക്കെതിരെ കൗൺസിൽ നിയമാനുസൃതം നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്കായി കൗൺസിലിന്റെ വെബ് സൈറ്റായ www.medicalcouncil.kerala.gov.in സന്ദർശിക്കേണ്ടതാണ്.

രജിസ്ട്രാർ
ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽസ്,
തിരുവനന്തപുരം.